**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3689** **09-10-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2021 മുതൽ നാളിതുവരെയായി കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും , കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെയും സംയോജനത്തിലൂടെ തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്, എം.എൻ.ആർ.ഇ.ജി.എസ്.-യുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും കർഷകർ/കർഷക ഗ്രൂപ്പുകളുടെ യോഗം ചേർന്ന് കർഷകർക്കുള്ള സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകിയും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.**<br><br>***കതിരണി തരിശ് രഹിത ജില്ല*** **എന്ന കോഴിക്കോട് ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കാർഷിക സർവകലാശാലയുടെ കീഴിലുള്ള KSMAM-നോട് ചേർന്ന് കുറ്റ്യാടി മണ്ഡലത്തിൽ പ്രധാനമായും വേളം പഞ്ചായത്തിൽ നാരായണിനട പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലയിലെ നെൽവയലുകളും, ജലസേചന സൗകര്യങ്ങളും സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കോഴിക്കോട് ജില്ലാപഞ്ചായത്ത് CWRDM-നെ ഏൽപിച്ചതിന്റെ ഭാഗമായി പഠനം നടത്തിയതിൽ കുറ്റ്യാടി മണ്ഡലത്തിലെ നെൽവയലുകൾ സംബന്ധിച്ചിട്ടുള്ള വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.**<br><br>2021 മുതൽ നാളിതുവരെ കൃഷി സ്ഥലങ്ങളാക്കിയ തരിശു നിലങ്ങളുടെ വിസ്തൃതിയും ഉത്പാദനം സംബന്ധിച്ച വിവരവും കൃഷി ഇനം സഹിതം **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര വിസ്തൃതിയിലുള്ള തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും അതുവഴി ഉണ്ടായ കാർഷികോല്പാദനം സംബന്ധിച്ച | (ബി) | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെയും , കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെയും സംയോജനത്തിലൂടെ തരിശ്** |

| | | | |
|---|---|---|---|
| | വിവരങ്ങൾ കൃഷിയുടെ ഇനം സഹിതം വിശദമാക്കാമോ? | | **നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്, എം.എൻ.ആർ.ഇ.ജി.എസ്.-യുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും കർഷകർ/കർഷക ഗ്രൂപ്പുകളുടെ യോഗം ചേർന്ന് കർഷകർക്കുള്ള സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകിയും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.**<br><br>***കതിരണി തരിശ് രഹിത ജില്ല*** **എന്ന കോഴിക്കോട് ജില്ലാ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കാർഷിക സർവകലാശാലയുടെ കീഴിലുള്ള KSMAM-നോട് ചേർന്ന് കുറ്റ്യാടി മണ്ഡലത്തിൽ പ്രധാനമായും വേളം പഞ്ചായത്തിൽ നാരായണിനട പാടശേഖരം കൃഷിയോഗ്യമാക്കുന്നതിന് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലയിലെ നെൽവയലുകളും, ജലസേചന സൗകര്യങ്ങളും സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കോഴിക്കോട് ജില്ലാപഞ്ചായത്ത് CWRDM-നെ ഏൽപിച്ചതിന്റെ ഭാഗമായി പഠനം നടത്തിയതിൽ കുറ്റ്യാടി മണ്ഡലത്തിലെ നെൽവയലുകൾ സംബന്ധിച്ചിട്ടുള്ള വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.**<br><br>2021 മുതൽ നാളിതുവരെ കൃഷി സ്ഥലങ്ങളാക്കിയ തരിശു നിലങ്ങളുടെ വിസ്തൃതിയും ഉത്പാദനം സംബന്ധിച്ച വിവരവും കൃഷി ഇനം സഹിതം **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **കൃഷി ഇനം** | **വിസ്തൃതി (ഹെക്ടർ)** | **ഉത്പാദനം (MT)** |
|---|---|---|
| നെൽകൃഷി | 59.98 | 239.920 |
| ഇടവിള കൃഷി | 273.89 | 5477.800 |
| വാഴ കൃഷി | 24.768 | 495.360 |
| പച്ചക്കറി കൃഷി | 2.968 | 59.240 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| കൃഷി ഇനം | വിസ്തൃതി (ഹെക്ടർ) | ഉത്പാദനം (MT) |
|---|---|---|
| നെൽകൃഷി | 59.98 | 239.920 |
| ഇടവിള കൃഷി | 273.89 | 5477.800 |
| വാഴ കൃഷി | 24.768 | 495.360 |
| പച്ചക്കറി കൃഷി | 2.968 | 59.240 |

സെക്ഷൻ ഓഫീസർ